# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5171 — 26.03.2018 ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള വിശ്രമ മന്ദിരങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ശ്രീ.എസ്.ശർമ്മ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.എം. നൗഷാദ്<br>ശ്രീമതി യു. പ്രതിഭ ഹരി | ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള വിശ്രമ മന്ദിരങ്ങളുടെ സ്ഥിതി പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; മികച്ച വാസ സ്ഥലങ്ങൾ എന്ന നിലയിലേക്ക് ഇവയെ ഉയർത്താൻ പദ്ധതിയുണ്ടോ; | (എ) പരിശോധനാവിധേയമാക്കിയിട്ടുണ്ട്. മികച്ച വാസ സ്ഥലങ്ങൾ എന്ന നിലയിലേക്ക് വിശ്രമ മന്ദിരങ്ങളെ ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. 2016-17, 2017-18 കാലയളവിൽ റസ്റ്റ് ഹൗസുകളുടെ നവീകരണത്തിനും പുതിയ നിർമ്മാണ പ്രവൃത്തികൾക്കുമായി 47.16 കോടി രൂപയുടെ 33 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും അവയുടെ പ്രവർത്തികൾ പുരോഗമിച്ച് വരികയുമാണ്. |
| (ബി) ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി എത്തുന്ന ഉദ്യോഗസ്ഥർ ഇല്ലാത്തപ്പോൾ പൊതുജനങ്ങൾക്കും ഇവ ഉപയോഗിക്കാമെങ്കിലും ഒഴിവുള്ളപ്പോൾപ്പോലും പൊതുജനങ്ങൾക്ക് മുറി അനുവദിക്കാൻ ഉദ്യോഗസ്ഥർ വൈമുഖ്യം കാണിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പൊതുജനങ്ങൾക്ക് റസ്റ്റ് ഹൗസിന്റെ മുറി ഒഴിവുള്ളപ്പോൾ അനുവദിക്കുന്നുണ്ട്. ബുക്കിംഗിന്റെ ക്രമം അനുസരിച്ച് എല്ലാ വിഭാഗത്തിലുള്ളവർക്കും കൃത്യമായി അനുവദിച്ച് നൽകുന്നു. |
| (സി) പൊതുമരാമത്ത് വകുപ്പ് പാട്ടത്തിന് നൽകിയ മൂന്നാർ, ആലുവ വിശ്രമമന്ദിരങ്ങൾ സ്വകാര്യ വ്യക്തികൾ ദുരുപയോഗം ചെയ്യുന്നത് പരിഗണിച്ച് തിരികെയെടുക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; പാട്ട വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു; വിശദമാക്കാമോ; | (സി) മൂന്നാർ റസ്റ്റ് ഹൗസിന്റെ പ്രവർത്തനം പൂർണ്ണമായും പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കൊണ്ടു വരുന്നതിനായി ബഹു. ഹൈക്കോടതിയിൽ കേസ് നടന്നു വരികയാണ്. ഇതിന്റെ പ്രവർത്തനത്തിൽ ഗുരുതരമായ വീഴ്ച പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കാട്ടിയത്, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി നേരിട്ട് കണ്ടു ബോധ്യപ്പെട്ടു. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ സസ്പെന്റ് ചെയ്ത് അന്വേഷിച്ചു വരികയാണ്. കൂടാതെ സ്വകാര്യ ഉടമ സർക്കാർ വക 3 മുറികൾ |

കൈയ്യേറിയതിനെതിരെ ക്രിമിനൽ കേസെടുത്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെയ്ത ഈ പ്രവൃത്തി ഈ സർക്കാർ വന്നിട്ടും തുടർന്നത് മന്ത്രി ഇടപെട്ട് കണ്ടെത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ താളം തെറ്റിയ പ്രവർത്തനങ്ങൾ കഴിഞ്ഞ ഒരു വർഷമായി തിരുത്തി വരുന്നു.സ്വകാര്യ വ്യക്തികൾക്ക് ROMT വ്യവസ്ഥയിൽ പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് നൽകുന്നതിന്റെ ഭാഗമായി 03/01/2003-ൽ കേരള സർക്കാർ ശ്രീ.എം.എൻ സതീഷ് കുമാറുമായി 30 വർഷത്തേക്ക് ആലുവ റസ്റ്റ് ഹൗസ് പാട്ടത്തിന് നൽകുന്ന കരാറിൽ ഒപ്പുവച്ചു. കരാർ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയത് കാരണം പാട്ടക്കാരന് Termination Notice 16.04.2015-ന് സർക്കാർ അയക്കുകയും ഇതിനെതിരെ Termination സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് ബഹു.ഹൈക്കോടതിയിൽ പാട്ടക്കാരൻ WP(C)No.3963/15 കേസ് ഫയൽ ചെയ്യുകയും ഇടക്കാല ഉത്തരവ് നേടുകയും ചെയ്തു. ആയതിനെതിരെ സ്റ്റേ Vacate ചെയ്യാൻ ബഹു.ഹൈക്കോടതിയിൽ സർക്കാർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. നിലവിൽ പാട്ടക്കാരൻ അടക്കേണ്ട തുക വർഷാവർഷം അടച്ചു വരുന്നുണ്ട്.ഉടമ്പടി പ്രകാരമുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1.റസ്റ്റ് ഹൗസുകളുടെ പൂർണ്ണ സംരക്ഷണ ചുമതല കരാർ ഉടമ്പടി അവസാനിക്കും വരെ പാട്ടക്കാരനിൽ നിക്ഷിപ്തമാണ്.

2.തൊഴിൽ ദാതാവിൽ നിന്നോ തൊഴിലാളികളിൽ നിന്നോ പൊതുമരാമത്ത് വകുപ്പിനുണ്ടാകുന്ന എല്ലാ നാശനഷ്ടങ്ങൾക്കും പരിപൂർണ്ണമായ ഉത്തരവാദിത്വം പാട്ടക്കാരനാണ്.

3.റസ്റ്റ് ഹൗസുകളുടെ മേൽ യാതൊരുവിധ കൈയ്യേറ്റങ്ങളും നടത്തരുതെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

4.റസ്റ്റ് ഹൗസുമായി ബന്ധപ്പെട്ട എല്ലാവിധ നികുതികളും ചാർജ്ജുകളും പാട്ടക്കാരൻ ഒടുക്കേണ്ടതാണ്.

5.കരാർ പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ളതും സർക്കാരിലേക്ക് ഒടുക്കേണ്ടതുമായ തുക

അതാത് മാസം തന്നെ ഒടുക്കേണ്ടതാണ്. താമസം വരുത്തുന്ന പക്ഷം പിഴയോട് കൂടി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

വൈക്കം റസ്റ്റ് ഹൗസ് തിരിച്ചു പിടിച്ചിട്ടുണ്ട്. ശബരിമല പിൽഗ്രിം സെന്റർ തിരികെ കൈവശപ്പെടുത്തിയതിനെ സംബന്ധിച്ച് കേസ് നടന്നു വരുന്നു.

| | |
|---|---|
| (ഡി) കുറ്റാലം വിശ്രമ മന്ദിരം സ്വകാര്യ വ്യക്തികൾ കൈക്കലാക്കാൻ നടത്തിയ നീക്കം തടയാൻ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ; നിലവിലെ സ്ഥിതി അറിയിക്കാമോ? | (ഡി) കുറ്റാലം കൊട്ടാരത്തിന് പോലീസ് പ്രൊട്ടക്ഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൊട്ടാരം, അനുബന്ധ കെട്ടിടങ്ങൾ, കൊട്ടാരം വളപ്പ് ഇവ പൊതുമരാമത്ത് വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ്. കൂടാതെ സ്ഥിരം തസ്തികയായിട്ടുള്ള അഞ്ച് ഗാർഡനർ പോസ്റ്റിലേക്ക് വാച്ചർ കം ഗാർഡനർമാരായി താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. നിലവിലുള്ള സംരക്ഷണ ഭിത്തിക്ക പുറമെ കൊട്ടാര വളപ്പിന്റെ സംരക്ഷണത്തിനു വേണ്ടി 12 അടി ഉയരത്തിൽ ഫെൻസിങ് ചെയ്യാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. പാലസിന്റെ രാജകീയ പ്രൗഢി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾക്കായി നടപടികൾ സ്വീകരിച്ചു വരുന്നു. പാലസ് സൂപ്രണ്ട് എന്ന തസ്തികയിൽ ഇരുന്ന ശ്രീ. പ്രഭു ദാമോദരൻ കൊട്ടാരം തട്ടിയെടുക്കാൻ പ്രാദേശിക സാമൂഹ്യവിരുദ്ധരെ ഉപയോഗിച്ച് ശ്രമിച്ച് വന്നിരുന്നു. ക്രമക്കേടുകളുടെ പേരിൽ ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും കൊട്ടാരത്തിലെ വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാനുള്ള നടപടികൾ നടന്നു വരികയുമാണ്. കൊട്ടാരം സംരക്ഷിക്കുന്നതിനായി ഇപ്പോൾ ശക്തമായ നിലപാട് എടുത്തുവരുന്നു. കുറ്റാലം പാലസിന്റെ 2017-2018 ലെ ഭൂനികുതി 09.03.2018-ൽ അടച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ